	തസ്തിക	അനുവദിച്ചത്
12.	ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-ഒന്ന്	1
13.	ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-രണ്ട്	2
14.	ലേഡി ഹെൽത്ത് ഇൻസ്പെക്ടർ	1
15.	ജൂനിയർ പി.എച്ച്.എൻ.	7
16.	എൽ.ഡി.സി./യു.ഡി.സി.	1
17.	ഡ്രൈവർ	1
18.	പ്യൂൺ	1

(ബി) താഴെപ്പറയുന്ന ഒഴിവുകൾ നിലവിലുണ്ട്.

1.	സിവിൽ സർജൻ	1
2.	ജൂനിയർ എച്ച്.ഐ. ഗ്രേഡ്-2	1
3.	ജൂനിയർ പി.എച്ച്.എൻ	1

(സി) 16 പേരെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യമുണ്ട്.

പേരാമ്പ്ര കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ കെട്ടിട നിർമ്മാണം

113 [935] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനുവേണ്ടി നിർമ്മിക്കുന്ന പുതിയ കെട്ടിടത്തിന്റെ പണി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇപ്പോൾ നിർമ്മിച്ച കെട്ടിടത്തിൽ എത്ര കിടക്കകൾക്ക് സൗകര്യം ഉണ്ടെന്നും മറ്റു സൗകര്യങ്ങൾ എന്തെല്ലാമാണെന്നും അറിയിക്കാമോ;

(സി) കെട്ടിടം എപ്പോൾ പ്രവർത്തനക്ഷമമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ഡി) കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന് ആവശ്യമായ സ്റ്റാഫിന്റെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഇ) ഇപ്പോൾ ഈ സ്ഥാപനത്തിൽ നിലവിലുള്ള സ്റ്റാഫിന്റെ എണ്ണം എത്രയാണെന്നറിയിക്കാമോ;

(എഫ്) പേരാമ്പ്ര കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ പശ്ചാത്തല സൗകര്യം പരിഗണിച്ച് സർക്കാർ ആശുപത്രിയായി ഉയർത്തുന്നതിന് നടപടി സ്വീകരിക്കാമോ;

(ജി) ഇപ്പോഴുള്ള സൗകര്യങ്ങൾ ജനങ്ങൾക്ക് ഉപയോഗിക്കത്തക്ക നിലയിൽ ആവശ്യമായ ഡോക്ടർമാരെയും ജീവനക്കാരെയും നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കെട്ടിടത്തിന്റെ തറ മാർബിൾ വിരിച്ചത് പോളീഷ് ചെയ്യുന്നതൊഴിച്ച് എല്ലാ ജോലികളും പൂർത്തിയായിട്ടുണ്ട്. കൂടാതെ കെട്ടിടത്തിന് ഇലക്ട്രിക് കണക്ഷൻ കിട്ടാനുമുണ്ട്.

(ബി) പുതിയ കെട്ടിടത്തിൽ കിടത്തി ചികിത്സിക്കുന്നതിന് 100 കിടക്കകളുടെ സൗകര്യമുണ്ട്. കൂടാതെ ഓപ്പറേഷൻ തീയേറ്റർ, ലബോറട്ടറി, എക്സറേ മുതലായ സൗകര്യങ്ങളും ജനറൽ വാർഡും, കുട്ടികൾ, സ്ത്രീകൾ, പുരുഷന്മാർ, വൃദ്ധർ എന്നിവർക്ക് പ്രത്യേക വാർഡുകളും സൗകര്യപ്പെടുത്തിയിട്ടുണ്ട്.

(സി) കെട്ടിടത്തിന്റെ തറയുടെ പണി പൂർത്തീകരിച്ച് ഇലക്ട്രിസിറ്റി കണക്ഷൻ ലഭിക്കുന്ന മുറയ്ക്ക്, മറ്റ് അധിക ജീവനക്കാർ, ആവശ്യമായ ഫർണീച്ചർ, ഉപകരണങ്ങൾ മുതലായവ സജ്ജീകരിച്ചതിനുശേഷമേ പ്രവർത്തനം തുടങ്ങാൻ കഴിയുകയുള്ളു.

(ഡി) കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ സ്റ്റാഫ് പാറ്റേൺ സർക്കാർ അംഗീകരിച്ച മാനദണ്ഡം അനുസരിച്ച് സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളുടെ കീഴിൽ 80,000 മുതൽ 120,000 വരെ ജനസംഖ്യയും കുറഞ്ഞത് നാല് പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ഉണ്ടാകുകയും അവയുടെ റഫറൽ സെന്ററായി പ്രവർത്തിക്കുകയും വേണം. 30 കിടക്കകൾ നിർബന്ധമായും ഉണ്ടായിരിക്കണം. അവിടെ താഴെ പറയുന്ന ജീവനക്കാരുടെ തസ്തികകളാണ് ഉണ്ടായിരിക്കേണ്ടത്.

	തസ്തിക		*എണ്ണം*
1.	സിവിൽ സർജൻ	..	1
2.	അസിസ്റ്റന്റ് സർജൻ	..	4
3.	സ്റ്റാഫ് നഴ്സ്	..	5
4.	നഴ്സിംഗ് അസിസ്റ്റന്റ്	..	3
5.	അറ്റൻഡന്റ് ഗ്രേഡ്-2	..	2
6.	അറ്റൻഡന്റ് ഗ്രേഡ്-1	..	1
7.	ഫാർമസിസ്റ്റ്	..	1
8.	ലാബ് ടെക്നീഷ്യൻ	..	1
9.	പാർട്ട്ടൈം സ്വീപ്പർ	..	1
10.	ഹെഡ് ക്ലാർക്ക്	..	1
11.	ക്ലാർക്ക്	..	3
12.	പ്യൂൺ	..	1
13.	റേഡിയോഗ്രാഫർ	..	1

	തസ്തിക		എണ്ണം
14.	ഹെൽത്ത് സൂപ്പർവൈസർ	..	1
15.	ലേഡി ഹെൽത്ത് സൂപ്പർവൈസർ	..	1
16.	ഹെൽത്ത് ഇൻസ്പെക്ടർ	..	1
17.	ലേഡി ഹെൽത്ത് ഇൻസ്പെക്ടർ	..	1
18.	ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്	..	5000 ജനസംഖ്യക്ക് ഒരാൾ വീതം
19.	ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ	..	5000 ജനസംഖ്യക്ക് ഒരാൾ വീതം

(ഇ)

	തസ്തിക		എണ്ണം
1.	ഡോക്ടർ	..	4
2.	സ്റ്റാഫ് നഴ്സ്	..	6
3.	നഴ്സിംഗ് അസിസ്റ്റന്റ്	..	1
4.	ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-1	..	1
5.	ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-2	..	1
6.	ഫാർമസിസ്റ്റ്	..	1
7.	ലാബ് ടെക്നീഷ്യൻ	..	1
8.	ഒഫ്താൽമിക് അസിസ്റ്റന്റ്	..	1
9.	ക്ലാർക്ക്	..	2
10.	പ്യൂൺ	..	1
11.	ഹെൽത്ത് സൂപ്പർവൈസർ	..	1
12.	ലേഡി ഹെൽത്ത് ഇൻസ്പെക്ടർ	..	3
13.	ലേഡി ഹെൽത്ത് സൂപ്പർവൈസർ	..	1
14.	ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1	..	4
15.	ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2	..	11
16.	ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്	..	19

(എഫ്) കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്ന നിലയിൽ തന്നെ പ്രവർത്തിക്കാൻ വേണ്ട സൗകര്യങ്ങൾ ഒരുക്കുകയും ചികിത്സയോടൊപ്പം പൊതുജനാരോഗ്യത്തിനും കൂടുതൽ ഊന്നൽ നൽകി പ്രവർത്തിക്കുന്നതായ സ്ഥാപനമായി നിലനിർത്താനാണ് ആലോചിക്കുന്നത്.

(ജി) നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly